"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്-കണ്ണൂർ ജില്ലയിലെ പായം ഗ്രാമപഞ്ചായത്തിന്റെ 27.12.2024 തീയതിയിലെ 278/24, 07.01.2025 തീയതിയിലെ 8/25 എന്നീ നമ്പർ തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണലിന്റെ പരിഗണനയ്ക്കായി റഫർ ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.217/2026/LSGD തീയതി,തിരുവനന്തപുരം, 27-01-2026

---

പരാമർശം:-

1. പായം ഗ്രാമപഞ്ചായത്തിന്റെ 27.12.2024 തീയതിയിലെ 278/24 നമ്പർ തീരുമാനം.
2. പായം ഗ്രാമപഞ്ചായത്തിന്റെ 07.01.2025 തീയതിയിലെ 8/25 നമ്പർ തീരുമാനം.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 08.04.2025-ലെ LSGD/PD/2811/2025-AR5 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ പായം ഗ്രാമപഞ്ചായത്തിൽ അളപ്ര വാർഡിൽ XV/217B, XV/217C എന്നീ നമ്പറുകൾ പതിച്ച കെട്ടിടത്തിൽ പന്നിഫാം നടത്തുന്നതിനുള്ള ലൈസൻസിന് ശ്രീ. ബിജു എബ്രഹാം സമർപ്പിച്ച അപേക്ഷ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസുകൾ നൽകൽ) ചട്ടങ്ങൾ 2012 ചട്ടം 6 പ്രകാരം അപേക്ഷ നൽകിയിട്ടില്ല എന്ന കാരണത്താൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിരസിച്ചു.

2) കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസുകൾ നൽകൽ) ചട്ടത്തിലെ ചട്ടം 6 പ്രകാരം അപേക്ഷ നൽകിയില്ല എന്നത് പരിഗണിക്കാതെ ലൈസൻസ് നൽകുന്നതിനുള്ള അപേക്ഷയിൽ തീരുമാനമെടുക്കാൻ ബഹു. കേരള ഹൈക്കോടതിയുടെ WP(C) 7814/2024 കേസിലെ 08-04-2024 തീയതിയിലെ ഇടക്കാല ഉത്തരവിൽ ബഹു. കേരള ഹൈക്കോടതി സെക്രട്ടറിക്ക് നിർദേശം നൽകിയിരുന്നു. 21-06-2024 ന് 200 പന്നികളെ വളർത്തുവാൻ ശ്രീ.ബിജു എബ്രഹാമിന് ലൈസൻസ് അനുവദിച്ചു.

3) തുടർന്ന്, കിണർ വെള്ളം ഉപയോഗശൂന്യമായി എന്നും പന്നിഫാമിനെതിരെ നടപടിയെടുക്കണമെന്നുമുള്ള സമീപവാസിയുടെ പരാതിയിന്മേൽ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ മലിനീകരണ നിയന്ത്രണ ബോർഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 20-11-2024 തീയതിയിൽ സംയുക്ത പരിശോധന നടത്തി 10-12-2024 ന് റിപ്പോർട്ട്

നൽകിയിരുന്നു. പരിശോധനയ്ക്ക് വിധേയമായ ഒരു കിണറിലും പന്നിഫാമിൽ നിന്നുള്ള മാലിന്യം ഉള്ളതായി കണ്ടെത്തുവാൻ സാധിച്ചില്ല എന്ന് റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ പന്നിഫാമിന് സമീപമുള്ള നീർച്ചാലിലെ ജലത്തിൽ ചെറിയ അളവിൽ പന്നിഫാമിലെ മാലിന്യം ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

4) അളപ്ര പന്നിഫാം വിരുദ്ധ സമിതി പന്നിഫാം മൂലം രാത്രികാലങ്ങളിൽ അതിരൂക്ഷമായ ദുർഗന്ധം ഉണ്ടാകുന്നു എന്നും അതിനെതിരെ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. ടി പരാതിയുടെ അടിസ്ഥാനത്തിൽ, പരാമർശം 1 പ്രകാരം ഫാമിന്റെ നടത്തിപ്പ് അടിയന്തരമായി സ്റ്റോപ്പ് മെമ്മോ നൽകി നിർത്തിവയ്ക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിരുന്നു. എന്നാൽ പന്നിഫാമിനെതിരെ നടപടി സ്വീകരിക്കാൻ തക്കതായ തെളിവുകളുടെ അഭാവം ഉള്ളതിനാലും, ലൈസൻസ് റദ്ദാക്കിയാൽ ഉണ്ടാകാവുന്ന നിയമ വ്യവഹാരങ്ങളും പരിഗണിച്ച് തീരുമാനത്തോട് സെക്രട്ടറി വിയോജിച്ചു.

5) പ്രദേശത്തുണ്ടാകുന്ന ദുർഗന്ധം സംബന്ധിച്ച് ഇരിട്ടി സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് ലഭിച്ച പരാതിയും നടപടി സ്വീകരിക്കുന്നതിന് വേണ്ടി സെക്രട്ടറിയെ അറിയിച്ചിരുന്നു. അളപ്ര പ്രദേശവാസികളുടെ കൂട്ടായ്മ സമർപ്പിച്ച പരാതിയിൽ തുടർച്ചയായ ദിവസങ്ങളിൽ രാത്രികാലങ്ങളിൽ അതിരൂക്ഷ ദുർഗന്ധം വരുന്നുണ്ടെന്നും ദുർഗന്ധത്തിന്റെ സ്രോതസ് കണ്ടെത്തുന്നതിന് ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. അളപ്ര പന്നിഫാം വിരുദ്ധ സമിതി ചെയർമാൻ/ കൺവീനറിൽ നിന്നും പന്നിഫാമിനെതിരെ നടപടിയെടുക്കണമെന്ന് വീണ്ടും പരാതി ലഭിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, പരാമർശം 2 പ്രകാരം പന്നിഫാമിന്റെ ലൈസൻസ് റദ്ദ് ചെയ്യാനുള്ള നടപടി എത്രയും വേഗത്തിൽ നടപ്പിലാക്കണമെന്ന് സെക്രട്ടറിയോട് വീണ്ടും നിർദ്ദേശിച്ച് തീരുമാനിക്കുകയും ചെയ്തു. തുടർന്ന്, സെക്രട്ടറി ടി വിഷയത്തിൽ തീരുമാനമെടുക്കുന്നതിനായി സർക്കാർ മുമ്പാകെ സമർപ്പിക്കുകയുണ്ടായി.

6) കേരള പഞ്ചായത്ത് രാജ് ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ 2012, ചട്ടം 11 പ്രകാരം ലൈസൻസ് റദ്ദ് ചെയ്യണമെങ്കിൽ ഗ്രാമപഞ്ചായത്ത് നൽകിയ ലൈസൻസ് നിബന്ധനകൾ ലംഘിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെടുകയും ഫാമിന്റെ ലൈസൻസ് റദ്ദാക്കുന്നതിനാധാരമായ കാരണങ്ങൾ വ്യക്തമാക്കിക്കൊണ്ട് ഉടമസ്ഥന് സെക്രട്ടറി രേഖാമൂലം നോട്ടീസ് നൽകേണ്ടതും ലൈസൻസ് റദ്ദാക്കാതിരിക്കാൻ കാരണം ബോധിപ്പിക്കുന്നതിന് ഉടമയ്ക്ക് അവസരം നൽകേണ്ടതുമുണ്ടെന്നും പന്നിഫാമിന്റെ ലൈസൻസ് റദ്ദ് ചെയ്യാൻ പര്യാപ്തമായ കണ്ടെത്തലുകൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുമുള്ള റിപ്പോർട്ടിൽ ലഭ്യമല്ലാത്തതിനാലാണ് ഫാമിന് സ്റ്റോപ്പ് മെമ്മോ നൽകുന്നതിനുള്ള പഞ്ചായത്ത് തീരുമാനത്തിനെതിരെ സെക്രട്ടറി വിയോജനം രേഖപ്പെടുത്തിയിട്ടുള്ളതെന്നു കാണുന്നുവെന്നും ആയതിനാൽ ഫാമിന് സ്റ്റോപ്പ് മെമ്മോ നൽകുന്നതിനുള്ള പഞ്ചായത്ത് തീരുമാനം പഞ്ചായത്ത് രാജ് ചട്ടങ്ങൾക്ക് വിരുദ്ധമാണെന്നു കാണുന്നു എന്നും പരാമർശം 3 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെടുകയുണ്ടായി.

7) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഗ്രാമപഞ്ചായത്തിന്റെ പരാമർശം 1, 2 നമ്പർ തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ടും കേരള പഞ്ചായത്ത് രാജ് ചട്ടം 191(2) (1)-ാം ഉപവകുപ്പ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണലിന്റെ പരിഗണനയ്ക്കായി വിട്ടുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASHA A K
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, ട്രൈബ്യൂണൽ ഫോർ ലോക്കൽ ബോഡീസ്, ശ്രീമൂലം ബിൽഡിങ്സ്, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം (ആമുഖ കത്തും അനുബന്ധ രേഖകളും സഹിതം).
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, പായം ഗ്രാമപഞ്ചായത്ത് ആഫീസ്, പായം,മാടത്തിൽ പി.ഒ., കണ്ണൂർ ജില്ല.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് I/ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, ഐ&പിആർഡി(വെബ് &ന്യൂമീഡിയ), തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി [LSGD-RC3/32/2025-LSGD].

ഉത്തരവിൻ പ്രകാരം
Signed by
Pradeesh M.
സെക്ഷൻ ഓഫീസർ
Date: 28-01-2026 12:19:05